(ബി) ഇവയുടെ പ്രവർത്തനം സജീവമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് കൗൺസിലുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശ്യമുണ്ട്. അതത് ജില്ലയിലെ അറിയപ്പെടുന്നതും അല്ലാത്തതുമായ എല്ലാ കേന്ദ്രങ്ങളുടെ വികസന സാദ്ധ്യത പരിശോധിക്കാനും അവയുടെ വികസനത്തിനായി മുൻഗണനാക്രമത്തിൽ വിശദമായ പദ്ധതികൾ സർക്കാരിന് സമർപ്പിക്കുവാനും കൗൺസിലുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടി എല്ലാ ഡി.ടി.പി.സി. കളിലും മുഴുവൻസമയ സെക്രട്ടറിമാരെയും ഓഫീസ് സ്റ്റാഫിനെയും നിയമിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ മൂന്നു വർഷക്കാലത്തേക്കുള്ള ശമ്പളവും ബത്തകളും ടൂറിസം വകുപ്പുതന്നെ വഹിക്കുന്നതുമായിരിക്കും.

ചേറ്റുവയിലെ ടൂറിസം കേന്ദ്രം

129(1617)ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ ചേറ്റുവയിൽ ഒരു ടൂറിസം കേന്ദ്രം പ്രവർത്തിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേന്ദ്രത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ കേന്ദ്രത്തിൽ പുതുതായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഈ കേന്ദ്രത്തിന്റെ വിപുലീകരണത്തിനും മറ്റുമായി എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കേന്ദ്രത്തിന്റെ വികസനത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിൽ പറയുന്ന വികസന പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശ്രമകേന്ദ്രത്തിൽ റെസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ, ബോട്ടിംഗ് സൗകര്യം തുടങ്ങിയ സൗകര്യങ്ങളുണ്ട്.

(സി) പുതുതായി ഒരു പൂന്തോട്ടം, ചിൽഡ്രൻസ് പാർക്ക് എന്നിവ സൗകര്യപ്പെടുത്തുന്നുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ബീച്ച് ഫെസ്റ്റിവൽ നടത്തുന്നതിനായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചേറ്റുവയിലെ തുരുത്ത് വികസനത്തിനായി ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പ്രദേശം കോസ്റ്റൽ റഗുലേഷൻ സോൺ നിയമനത്തിന് എതിരാകുമെന്നതിനാൽ അത് ഉപേക്ഷിക്കേണ്ടിവന്നു. മറ്റ് വികസന പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല .

കോഴിക്കോട് ജില്ലാ ടൂറിസത്തിന്റെ ഹൗസ് ബോട്ടുകളുടെ പ്രവർത്തനം

130(1618)ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ടൂറിസത്തിന്റെ കീഴിലുള്ള രണ്ട് ഹൗസ് ബോട്ടുകളുടെ പ്രവർത്തനം എന്നുമുതൽ ആരംഭിച്ചു;

(ബി) പ്രവർത്തനം ആരംഭിച്ചതുമുതൽ 2000 ഫെബ്രുവരിവരെ ഈ ഹൗസ് ബോട്ടുകളിൽ എത്ര കുടുംബങ്ങൾ താമസിച്ചു;

(സി) ഈ ഹൗസ് ബോട്ടുകൾക്ക് ഇന്നേവരെ ആകെ വന്ന ചെലവ് എത്രയാണ്;

(ഡി) പ്രസ്തുത ഹൗസ് ബോട്ടുകളിൽ നിന്നും ആകെ ലഭിച്ച വരുമാനം വിശദമാക്കുമോ;

(ഇ) പ്രസ്തുത ബോട്ടുകളിലൊന്ന് മൂരാട് പുഴയിൽ ടൂറിസ്റ്റുകാർക്ക് വേണ്ടി മാറ്റി പാർക്ക് ചെയ്യാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള രണ്ട് ഹൗസ് ബോട്ടുകളുടെ പ്രവർത്തനം 1998 നവംബർ 23 മുതൽ ആരംഭിച്ചു. .

(ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ ഫെബ്രുവരി 2000 വരെ ലീസിന് എടുത്തിരിക്കുന്ന ഏജൻസി (മലബാർ ഹൗസ് ബോട്ട്സ്) 300 ട്രിപ്പുകൾ നടത്തിയിരുന്നു.

(സി) ഈ ഹൗസ് ബോട്ടുകൾക്കായി രണ്ട് എൻജിനുകൾ ഉൾപ്പെടെ 23,41,892 രൂപ ചെലവാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഹൗസ് ബോട്ടുകൾ ഡി.ടി.പി.സി. ലീസിന് നൽകിയിരിക്കുകയാണ്. ഈ വകയിൽ ഒരു വർഷത്തെ ലീസ് റെന്റായി നാല് ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(ഇ) ജില്ലയിൽ സഞ്ചാരയോഗ്യമായ പുഴകളിലൂടെയും കനാലുകളിലൂടെയും, ടൂറിസ്റ്റുകൾക്ക് താല്പര്യമുള്ള റൂട്ടുകളിലാണ് ഹൗസ് ബോട്ടുകൾ ഉപയോഗിച്ചുവരുന്നത്. ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly